## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടി ക്രമം

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം- ശ്രീ.പ്രമോദ്.എം, റേഡിയോഗ്രാഫർ . ഗ്രേഡ് -2 - അനധികൃതാവധിയെ തുടർന്ന് സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. G.O (Rt) 2980/2002/H&FWD, തീയതി.05.12.2012
2. G.O (Rt) 649/2008/H&FWD, തീയതി.21.02.2008
3. 27.11.2020 തീയതിയിലെ സർക്കാർ കത്ത് .H2-156/2020-ഹെൽത്ത്
4. 22.03.2021 ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. 03.06.2021 തീയതിയിലെ ശ്രീ.പ്രമോദിന്റെ പ്രതിവാദ പത്രിക
6. 26.11.2019 ലെ സർക്കുലർ നം. എ 3- 570/2018 ആ.കുവ
7. സർക്കാർ ഉത്തരവ് (അച്ചടി) 55/2020 ആ.കു.വ തീയതി. 16.09.2020

## ഉത്തരവ് നം.ഇ.എഫ്.3- 61056/2020 /ആ.വ.ഡ. തീയതി. 20.10.2021

ആരോഗ്യവകുപ്പിൽ ഇടുക്കി അടിമാലി താലൂക്കാശുപത്രിയിൽ റേഡിയോഗ്രാഫർ ഗ്രേഡ് - II തസ്തികയിൽ 25.11.2002 ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.പ്രമോദിന് പരാമർശം (1) പ്രകാരം 10.12.2002 മുതൽ 5 വർഷത്തേക്കും തുടർന്ന് 10.12.2007 മുതൽ 5 വർഷത്തേക്കും ശൂന്യവേതനാവധി അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത അവധിയിക്ക് ശേഷം തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതായിരുന്നെങ്കിലും ടിയാൻ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. തുടർന്ന് 28.07.2020 ൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ , ഈ വിഷയം പരിശോധിച്ചതിൽ നിന്നും 10.12.2012 മുതൽ ടിയാൻ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായി കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പുനഃപ്രവേശ അപേക്ഷ സർക്കാരിലേയ്ക്ക് ഉചിതമായ തീരുമാനത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതിന് മറുപടിയായി സൂചന (3) കത്ത് മുഖേന ജോലിയിൽ പ്രവേശിക്കാൻ തുടർച്ചയായ അവസരങ്ങൾ നൽകിയിട്ടും, 30.11.2019 ന് മുൻപ് തിരികെ ജോലിയിൽ പ്രവേശിക്കുവാൻ റിപ്പോർട്ട് ചെയ്യാത്തവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ച് പിരിച്ച് വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ സൂചന (4) കാരണം കാണിക്കൽ നോട്ടീസ് മുഖേന ടിയാൻ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിനാൽ KS & SSR ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്വീകരിക്കുകയും ആയത് സ്ഥിരപ്പെടുത്തുന്നതിന് മുമ്പായി ടിയാന് ഈ വിഷയത്തിൽ എന്തെങ്കിലും ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ പ്രതിവാദ പത്രിക സമർപ്പിക്കുന്നതിനായി അവസരം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് മറുപടിയായി സൂചന (5) പ്രകാരം ടിയാൻ സമർപ്പിച്ചിട്ടുള്ള

7515560

GOVERNMENT OF KERALA 2017-18

പ്രതിവാദ പത്രികയിൽ ടിയാൻ 23.11.2019 രജിസ്റ്റേഡ് കത്ത് മുഖേന സർവ്വീസിൽ പ്രവേശിക്കുന്നതിനുള്ള പൂർണ്ണ സന്നദ്ധത അറിയിച്ചതായും പിരിച്ചുവിടുന്നവരുടെ പട്ടികയിൽ തന്റെ പേര് ഉൾപ്പെട്ടിട്ടില്ലായെന്നും തിരികെ ജോലിയിൽ പ്രവേശിക്കാൻ സന്നദ്ധത അറിയിച്ച ശേഷം കോവിഡ് 19 മഹാമാരിയും മറ്റ് സാങ്കേതിക കാരണങ്ങളാലും 2020 ജൂൺ വരെ വിദേശ ജോലിയിൽ തുടർന്നുവെന്നും സൂചിപ്പിച്ചിട്ടുണ്ട്. തുടർന്ന് നാട്ടിൽ എത്തിയ ശേഷം 27.07.2020 ന് ജോലിയിൽ പ്രവേശിക്കുനാനുള്ള സന്നദ്ധത ഈ ഓഫീസിൽ അറിയിച്ചതായും എന്നാൽ അതിന് ശേഷം തനിക്ക് അനുകൂലമായോ പ്രതികൂലമായോ മറുപടി ലഭിച്ചിട്ടില്ലയെന്നും സൂചിപ്പിച്ചിട്ടുണ്ട്. 2020 ഡിസംബർ 15-ാം തീയതി ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള ബോണ്ട് സമർപ്പിച്ചു. ജോലിയിൽ പ്രവേശിക്കാൻ സന്നദ്ധനായ തന്നെ തുടർ നടപടിയിൽ നിന്ന് ഒഴിവാക്കി ജോലിയിൽ പ്രവേശിക്കാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ടിയാന്റെ പ്രതിവാദ പത്രിക വിശദമായി പരിശോധിച്ചതിൽ നിന്നും അനുവദിക്കപ്പെട്ട അവധി 10.12.2012 ന് അവസാനിച്ച ശേഷം ടിയാൻ തിരികെ ജോലിയിൽ പ്രവേശിക്കുകയോ, ജോലിയിൽ പ്രവേശിക്കാൻ പറ്റാത്തവിധം എന്തെങ്കിലും വ്യക്തമായ കാരണമുണ്ടായതായോ യാതൊരുവിധ അറിയിപ്പും നൽകിയിട്ടില്ല. പ്രസ്തുത അവധി കാലയളവ് അവസാനിച്ച് നീണ്ട കാലയളവിന് ശേഷം 28.07.2020 ന് മാത്രമാണ് ടിയാൻ ഈ ഓഫീസിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സന്നദ്ധത അറിയിച്ച് അപേക്ഷ സമർപ്പിച്ചത്. 23.11.2019 ലെ രജിസ്റ്റേഡ് കത്ത് മുഖേന ടിയാൻ ജോലിയിൽ പ്രവേശിക്കുവാൻ സന്നദ്ധത അറിയിച്ചതായി ടിയാന്റെ പ്രതിവാദ പത്രികയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നവരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വിശദീകരിച്ച് കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സൂചന (6) സർക്കുലറിലെ വ്യവസ്ഥ പ്രകാരം അനധികൃതമായി വിട്ടുനിൽക്കുന്നവർ 30.11.2019-നകം നിയമനാധികാരി മുമ്പാകെ നേരിട്ട് ഹാജരായി പുനഃപ്രവേശന സന്നദ്ധത രേഖാമൂലം അറിയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ടിയാൻ 23.11.2019 ലെ കത്ത് മുഖേന ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചിരുന്നുവെങ്കിലും 2020 ജൂലൈ 25 ന് മാത്രമാണ് നാട്ടിൽ തിരികെ എത്തിയതെന്നും പ്രതിവാദ പത്രികയിൽ സൂചിപ്പിച്ചിട്ടുണ്ട്. 10.12.2012 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന ടിയാൻ സൂചന (6) സർക്കുലറിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കാതെ 28.07.2020 ന് മാത്രമാണ് ജോലിയിൽ പ്രവേശിക്കുനാനുള്ള സന്നദ്ധത രേഖാമൂലം നേരിട്ട് സമർപ്പിക്കുന്നത്. ഇപ്രകാരം അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നതിന് വ്യക്തമായ ഒരു കാരണവും ടിയാന്റെ പ്രതിവാദ പത്രികയിൽ വിവരിച്ചിട്ടില്ല. വിദേശത്ത് മെച്ചപ്പെട്ട ജോലിക്കായി അവധി അനുവദിക്കുന്നത് സംബന്ധിച്ച കേരള സർവ്വീസ് ചട്ടങ്ങളിലെ അനുബന്ധം XII A യിലെ ഖണ്ഡിക 9

7515575

ലെ വ്യവസ്ഥകൾ പ്രകാരം അവധി അവസാനിച്ചതിനു ശേഷവും അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ പ്രസ്തുത ചട്ടത്തിലെ ഖണ്ഡിക (6) പ്രകാരം അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാത്തവരെ സർവ്വീസിൽ നിന്നും പിരിച്ച് വിടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. KS & SSR ലെ ചട്ടം 19 ന് കീഴിലെ ഉപ ഖണ്ഡിക II ലെ വ്യവസ്ഥകൾ പ്രകാരം പ്രൊബേഷൻ പൂർത്തീകരിക്കാത്ത ജീവനക്കാരനെ നിയമനാധികാരിക്ക് തന്നെ പിരിച്ചുവിടാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട് . അനധികൃതാവധി സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ വിവരിക്കുന്ന സൂചന (7) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം

" *അച്ചടക്കനടപടികൾക്ക് വിധേയമായി പിരിച്ച് വിടപ്പെടുകയോ സർവ്വീസിൽ നിന്ന് നീക്കം ചെയ്യപ്പെടുകയോ സസ്പെൻഡ് ചെയ്യപ്പെടുകയോ സസ്പെൻഷൻ നടപടികൾക്ക് പരിഗണിക്കപ്പെടുകയോ ചെയ്യുന്നവരൊഴികെയുള്ള ഏതൊരു ഉദ്യോഗസ്ഥനും അനധികൃതാവധിയിലിരിക്കെ തിരികെ സർവ്വീസിൽ പ്രവേശിക്കാൻ അനുമതി തേടുന്ന പക്ഷം പുനഃപ്രവേശനം അനുവദിക്കേണ്ടതാണ് എന്ന മാനുവൽഫോർ ഡിസിപ്ലിനറി പ്രൊസീഡിങ്സിലെ ഖണ്ഡിക 53(6) ലെ വ്യവസ്ഥ ആരോഗ്യകുടുംബക്ഷേമ വകുപ്പിലെ ജീവനക്കാർക്ക് ബാധകമായിരിക്കുന്നതല്ല* " എന്നും കൂടാതെ " *അനധികൃതമായി ഹാജരാകാത്ത ജീവനക്കാർക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങളിലെയും 1960 ലെ കേരള സിവിൽ സർവ്വീസ് ( തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതും സർവ്വീസിൽ നിന്നും പിരിച്ചു വിടുകയോ നീക്കം ചെയ്യുകയോ അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ് .*" എന്നും നിഷ്കർഷിച്ചിട്ടുണ്ട്. 10.12.2012 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന ശ്രീ.പ്രമോദ്.എം, റേഡിയോഗ്രാഫർ . ഗ്രേഡ് -2 ജോലിയിൽ നിന്നും വിട്ടു നിന്നതിന് മതിയായ കാരണം ബോധിപ്പിക്കുകയോ സൂചന (6) സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം സമയബന്ധിതമായി തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് യഥാവിധി അനുമതി തേടുകയോ ചെയ്തിട്ടില്ല. 23.11.2019 ൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് കത്ത് മുഖേന അപേക്ഷ സമർപ്പിച്ചതായി സൂചിപ്പിച്ചിരുന്നെങ്കിലും 2020 ജൂലൈ മാസം വരെ വിദേശത്ത് ജോലിയിൽ തുടരുന്നതായി ടിയാന്റെ പ്രതിവാദ പത്രികയിൽ സൂചിപ്പിച്ചിട്ടുണ്ട്. അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നതിന് മതിയായ കാരണം ബോധിപ്പിക്കാത്തതിനാലും സൂചന (6) സർക്കുലറിലെ വ്യവസ്ഥകൾ യഥാവിധി പാലിക്കാതെ വിദേശത്ത് ജോലിയിൽ തുടർന്നതിനാലും സൂചന (5) പ്രകാരം ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക അംഗീകരിക്കാൻ സാധിക്കുന്നതല്ല.

15574

GOVERNMENT OF KERALA 2017-18

മേൽ വിവരിച്ച സാഹചര്യത്തിൽ KS & SSR ലെ ചട്ടം 19 ഉപ ഖണ്ഡിക II ലെ വ്യവസ്ഥകൾ പ്രകാരം KSR അനുബന്ധം XII A യിലെ ഖണ്ഡിക 6, 9 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും സൂചന (4) മുഖേന പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് സ്വീകരിച്ച താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി, ടിയാൻ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിൽക്കുന്ന 10.12.2012 തീയതി പ്രാബല്യത്തിൽ ടിയാനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

**ഡോ. ബിന്ദുമോഹൻ**
**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)**

സ്വീകർത്താവ്

**ശ്രീ.പ്രമോദ്.എം**
പ്രമര, TC – 28/1378
SRA 120/ ശ്രീകണ്ഠേശ്വരം, ഫോർട്ട് പി.ഒ.
തിരുവനന്തപുരം-695023

പകർപ്പ്

1. പ്രിൻസിപ്പൽ സെക്രട്ടറി, ആ.കു.വ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
2. ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം),ഇടുക്കി
3. സൂപ്രണ്ട്, അടിമാലി താലൂക്ക് ആശുപത്രി ഇടുക്കി
4. ഫയൽ/കരുതൽ ഫയൽ

എസ്.27.10.21

515580

GOVERNMENT OF KERALA 2017-18